(ബി) പഞ്ചായത്തിന്റെ അധീനതയിലുള്ള ശിശുമന്ദിരത്തിലും ഗ്രാമപഞ്ചായത്ത് ഓഫീസിലും വർഷങ്ങളായി ജോലി ചെയ്തുവരുന്ന വിജയലക്ഷ്മിയെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ നിയമിക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥകളില്ല.

ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

219 (4262) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അഭാവംമൂലം സമ്പൂർണ്ണ ശുചിത്വ ഫണ്ട് (Total Sanitation Fund) കൃത്യമായും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും വിനിയോഗിക്കാൻ സാധിക്കുന്നില്ലെന്നകാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ ഈ തസ്തിക നിലവിലുണ്ടായിരുന്ന അഞ്ച് പഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയ സാഹചര്യത്തിൽ നഗരസഭകളിലേതുപോലെ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) മലപ്പുറം ജില്ലയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല.

(സി) പഞ്ചായത്ത് വകുപ്പിൽ നാളിതുവരെ ആരെയും നിയമിച്ചിട്ടില്ല. ഒഴിവുകൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly